ഫയൽ നം :SSG 2/19/2019/TC

തിയതി : **09/02/2021**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം – 695 014
ഇ–മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471–2333317

# സർക്കുലർ 04/2021

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – വാഹൻ സോഫ്റ്റ്‌വെയറിൽ ഒരേ വാഹനത്തിന്റെ ഡാറ്റ ഒന്നിലധികം ഓഫീസുകളിൽ കാണപ്പെടുന്നതുകാരണം 'വെഹിക്കിൾ ഇൻ മൾട്ടിപ്പിൾ ഓഫീസ്' എന്ന എറർ മെസേജ് വരുന്നത് – നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1).10.01.2020-ൽ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനങ്ങൾ.

2).04.01.2020 തീയതിയിലെ SSG2/19/2019 നമ്പർ നിർദ്ദേശങ്ങൾ

ചില വാഹനങ്ങളുടെ ഡാറ്റ ഒന്നിലധികം ഓഫീസുകളിൽ കാണപ്പെടുന്നതിനാൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനു പ്രയാസങ്ങളുണ്ടാകുന്നതായും സേവനങ്ങൾ നൽകാൻ കഴിയാതെ വരുന്നതായും ധാരാളം പരാതികൾ വന്നുകൊണ്ടിരിക്കുന്നു. ഈ സ്ഥിതി വിശേഷം ഉണ്ടാകാനുള്ള സാഹചര്യവും ആയത് തരണംചെയ്യുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ പ്രതിപാദിക്കുന്നു.

വാഹൻ സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്തിരിക്കുന്നത് രാജ്യത്തുള്ള എല്ലാ വാഹനങ്ങളും ഒരൊറ്റ ഡാറ്റ ബേസിൽ ഉൾകൊള്ളിക്കുന്ന രീതിയിലാണ്. പഴയ രീതിയിലുള്ള രജിസ്റ്ററുകളിലായാലും ക്ലൈന്റ് സർവ്വർ രീതിയിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിൽ വരുത്തിയിരുന്നപ്പോഴും ഒരു വാഹനത്തിന് വിവിധ ഓഫീസുകളിൽ ചുവടെ ചേർക്കുന്ന സാഹചര്യങ്ങളാൽ വ്യത്യസ്ത റിക്കാർഡുകൾ ഉണ്ടായിരുന്നു.

a. ഒരു വാഹനം മറ്റു ഓഫീസുകളുടെ പരിധിയിലേക്ക് കൈമാറ്റം രേഖപ്പെടുത്തുമ്പോൾ.

b. ഒരു വാഹനത്തിന് മറ്റു ഓഫീസുകളിൽ നിന്ന് പെർമിറ്റ് എടുക്കേണ്ടിവരുമ്പോൾ, ഉദാ: സ്റ്റേജ് കാര്യേജ്, നാഷണൽ പെർമിറ്റ്, ആൾ ഇന്ത്യാ പെർമിറ്റ്, ഓട്ടോറിക്ഷാ സിറ്റി പെർമിറ്റ് തുടങ്ങിയവ.

c. ഒരു വാഹനത്തിന് മറ്റൊരു ഓഫീസ് പരിധിയിൽ ചെക്ക് റിപ്പോർട്ട് ക്ലിയർ ചെയ്യുകയോ, സി.എഫ്.എടുക്കുകയോ, നികുതി

ഒടുക്കുകയോ ചെയ്യുമ്പോൾ.

d. ഒരു വാഹനം മറ്റു സംസ്ഥാനങ്ങളുടെ പരിധിയിൽ നിന്ന് പെർമിറ്റ് എടുക്കുകയോ, നികുതി ഒടുക്കുകയോ ചെയ്യുമ്പോൾ.

e. ഡാറ്റാ എൻട്രി പിഴവ് മൂലം

f. വ്യാജ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നതുമൂലം.

ഒരു വാഹനത്തിന്റെ തന്നെ ഡാറ്റ ഇത്തരത്തിൽ വിവിധ ഓഫീസുകളിൽ ഉണ്ടായിരുന്നത്, ഒരൊറ്റ ഡാറ്റാ ബേസിലേക്ക് മാറ്റപ്പെടുമ്പോൾ ഒരു വാഹനത്തിന് 'മൾട്ടിപ്പിൾ ഡാറ്റ' എന്ന പ്രതിഭാസം രൂപപ്പെടുന്നു.

നമ്മുടെ സംസ്ഥാനത്ത് ഡാറ്റ പോർട്ട് ചെയ്യപ്പെട്ടപ്പോൾ ഇത്തരം വാഹനങ്ങളുടെ ഏറ്റവും അവസാനം സേവനം നൽകിയ ഓഫീസിൽ നിന്നുള്ള ഡാറ്റ മാത്രം കമ്പ്യൂട്ടർ സ്വയം കണ്ടുപിടിച്ച് മാറ്റപ്പെട്ടതിനാൽ ഇത്തരം 'മൾട്ടിപ്പിൾ ഡാറ്റ' പ്രതിഭാസം വളരെ വലിയ രീതിയിൽ കുറവാണ്. എന്നിരുന്നാലും ഒരേ നമ്പറിന് തന്നെ ചേസിസ് നമ്പരിലും എഞ്ചിൻ നമ്പരിലും വ്യത്യാസം കമ്പ്യൂട്ടർ തന്നെ ഓട്ടോമാറ്റിക് ആയി കണ്ടുപിടിച്ചവ, ഒന്നിലധികം റിക്കോർഡുകളായി പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്ന് പെർമിറ്റ് എടുക്കപ്പെട്ടവയും 'മൾട്ടിപ്പിൾ ഡാറ്റ' പ്രതിഭാസത്തിനു കീഴിലാണ്.

വാഹൻ ഡാറ്റ പോർട്ടിംഗിന്റെ ആദ്യനാളുകളിൽ തന്നെ ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുകയും 10.01.2020 - ൽ ചേർന്ന മീറ്റിംഗിൽ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പലരീതിയിലുള്ള പ്രശ്നങ്ങൾ വരുവാൻ സാദ്ധ്യതയുള്ളതിനാൽ കൂടുതൽ വിശകലനങ്ങൾക്ക് ശേഷം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 'മൾട്ടിപ്പിൾ ഡാറ്റ' എന്ന പ്രശ്നം തരണം ചെയ്യുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നമ്മുടെ സംസ്ഥാനത്തെ വാഹനത്തിന്റെ ഡാറ്റ മറ്റ് സംസ്ഥാനത്ത് കാണപ്പെടുന്നു.

a. വാഹനിലെ യൂസർ മെസ്സേജിംഗ് സംവിധാനം ഉപയോഗിച്ച് അതാത് സംസ്ഥാനത്തെ **സ്റ്റേറ്റ് അഡ്മിന്** മെസ്സേജ് അയയ്ക്കുക. ഒരു ആഴ്ച്ക്കുള്ളിൽ പരിഹരിക്കപ്പെട്ടിട്ടില്ലായെങ്കിൽ കേരള സ്റ്റേറ്റ് അഡ്മിനെ യൂസർ മെസ്സേജ് മുഖാന്തിരം അറിയിക്കുക.

2. അന്യസംസ്ഥാനത്തെ വാഹനം നമ്മുടെ സംസ്ഥാനത്ത് ഡ്യൂപ്ലിക്കേറ്റ് റിക്കോർഡ് കാണപ്പെടുകയും, അത് മാറ്റുവാൻ നമ്മുടെ ഓഫീസുകളിലേക്ക് അഭ്യർത്ഥന വരുകയും ചെയ്യുന്നു.

a. യൂസർ മെസ്സേജ് ഉപയോഗിച്ച് കേരള സ്റ്റേറ്റ് അഡ്മിനെ അറിയിക്കുക.

3. ഒരു വാഹനത്തിന്റെ ഡാറ്റ നമ്മുടെ സംസ്ഥാനത്തുള്ള ഒന്നിലധികം ഓഫീസുകളിൽ കാണപ്പെടുന്നു.

a. വാഹനത്തിലെ രണ്ട് റെക്കോർഡുകളും പ്രത്യേകം പ്രത്യേകമായി പരിശോധിച്ച്, ചേസിസ് നമ്പരും എഞ്ചിൻ നമ്പരും കുറിച്ചെടുക്കുക, വിശകലനം ചെയ്യുക.

b. വാഹനിലെ ഫീസ് ഹിസ്റ്ററിയും , ടാക്സ് ഹിസ്റ്ററിയും പരിശോധിച്ച് വിശകലനം ചെയ്യുക.

c. സ്മാർട്ട് വെബ് യൂസർ ഐഡി ഉപയോഗിച്ച് രജിസ്ട്രേഷൻ ഡീറ്റയിൽസ് പരിശോധിച്ച് വിശകലനം ചെയ്യുക.

d. കുറിച്ചെടുത്ത ചേസിസ് നമ്പരും എഞ്ചിൻ നമ്പരും പ്രത്യേകം പ്രത്യേകം വാഹനിലെ "രജിസ്റ്റേർഡ് വെഹിക്കിൾ ഡീറ്റയിൽസ്" സ്ക്രീനിൽ എന്റർ ചെയ്ത് പരിശോധിക്കുക. ഈ പരിശോധനകളിൽ ഡാറ്റ എൻട്രി പിഴവ് മൂലമാണോ വ്യാജ വാഹനമാണോ എന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നു.

4. മേല്പറഞ്ഞ വിശകലനങ്ങളിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് റിക്കോർഡ് വരുവാനുള്ള കാരണം, ഡാറ്റ എൻട്രി പിഴവ് മൂലമോ, ഡാറ്റ പോർട്ടിംഗ് മൂലമോ ആണെന്ന് മനസ്സിലാക്കിയാൽ ആ വാഹനം ആക്റ്റീവ് ആയി നിലനിർത്തുവാനുള്ള ഓഫീസിൽ, അനുബന്ധം (1) ൽ പ്രതിപാദിക്കുന്ന രീതിയിൽ ഡീ-ഡ്യൂപ്ലിക്കേറ്റ് ചെയ്യാവുന്നതാണ്. വിശകലനം ചെയ്തതിന്റെ വിവരങ്ങളും ഡീ-ഡ്യൂപ്ലിക്കേറ്റ് ചെയ്തുവെന്ന വിവരവും ഡാറ്റ മാറ്റപ്പെട്ട ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്.

5. വിശകലനങ്ങളിൽ നിന്നും സംശയാസ്പദമായി തോന്നിയാൽ അല്ലെങ്കിൽ തീരുമാനം കൈക്കൊള്ളുവാൻ പ്രയാസം അനുഭവപ്പെടുകയാണെങ്കിൽ ആ വാഹനത്തിന്റെ ഡാറ്റ ഉള്ള മറ്റു ഓഫീസുകളുമായി കത്തിടപ്പടുകൾ (ഇ-മെയിൽ)നടത്തി വാഹനം ഇൻസ്പെക്ഷനു വിധേയമാക്കിയ ശേഷം തീരുമാനം കൈക്കൊള്ളേണ്ടതാണ്.

6. വിശകലനങ്ങൾക്കും ആവശ്യമായ പരിശോധനകൾക്കും ശേഷം വാഹനം വ്യാജ രേഖകൾ ഉപയോഗിച്ച് രജിസ്റ്റർ ചെയ്തതാണോ, വ്യാജ വാഹനമാണോ എന്ന് ബോദ്ധ്യപ്പെട്ടാൽ ഉടനടി നിയമ നടപടികൾ കൈക്കോള്ളേണ്ടതും ഹെഡ് ഓഫീസിൽ വിവരം അറിയിക്കേണ്ടതുമാണ്.

7. ചില സാഹചര്യങ്ങളിൽ ഒരു വാഹനത്തിന്റെ റിക്കോർഡുകൾ പരിശോധിക്കുമ്പോൾ ആയത് പൂർണ്ണമായും മറ്റൊരു വാഹനത്തിന്റേതായി കാണപ്പെടാം. ഡ്യൂപ്ലിക്കേറ്റ് ഡേറ്റ കമ്പ്യൂട്ടർ സ്വയം കണ്ടെത്താത്തതിനാൽ ഇത് പോർട്ട് ചെയ്യപ്പെട്ടില്ലാ എന്നതാണ്

ഇത്തരം സാഹചര്യങ്ങൾക്ക് കാരണം. ഇത് സ്മാർട്ട് വെബ് പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം ഡാറ്റ പോർട്ടിംഗിനായി ഹെഡ് ഓഫീസിലേക്ക് അറിയിക്കുക.

8. ഏതെങ്കിലും സാഹചര്യത്തിൽ ഡീ-ഡ്യൂപ്ലിക്കേറ്റ് ചെയ്യുമ്പോൾ തെറ്റ് പറ്റിയാൽ ഹെഡ് ഓഫീസിനെ അറിയിക്കുക . Restore ചെയ്യുവാനുള്ള ഫെസിലിറ്റി സ്റ്റേറ്റ് അഡ്മിന് മാത്രം ഉള്ളതാണ്.

9. വളരെയേറെ ജാഗ്രതയോടെ മാത്രം കൈകാര്യം ചെയ്യേണ്ട വിഷയമാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്, ആയതിനാൽ ഈ സർക്കുലർ എല്ലാ ജീവനക്കാരും കണ്ടു എന്ന് ഉറപ്പുവരുത്തിയശേഷം ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

രാജീവ് പുത്തലത്ത്

ട്രാൻസ്പോർട്ട് കമ്മീഷണർ (ഇൻ ചാർജ്)

Signature valid
Digitally signed by RAJEEV PUTHALATH
Date: 2021.02.09 18:33:[illegible]0 IST
Reason: Approved

വിശ്വസ്തതയോടെ,

**RAJEEV PUTHALATH**
**TRANSPORT COMMISSIONER(IN CHARGE)**

പകർപ്പ്:

1. എല്ലാ ഡി.ടി.സി, ആർ.ടി.ഓ , ജോയിന്റ് ആർ.ടി.ഓ മാർക്കും
2. സീനിയർ ഡി.ടി.സി (ടാക്സ്)
3. സ്റ്റോക്ക് ഫയൽ

## അനുബന്ധം

**ഡീ-ഡ്യൂപ്ലിക്കേറ്റ് ചെയ്യേണ്ട വിധം:**

ഒരേ വാഹനത്തിന് ഒന്നിലധികം റെക്കോർഡുകൾ നമ്മുടെ സംസ്ഥാനത്തെ വിവിധ ഓഫീസുകളിലായി കാണപ്പെടുന്നെങ്കിൽ അത് നിലനിർത്തേണ്ട ഓഫീസിൽ ചെയ്യേണ്ട നടപടിക്രമം.

വാഹനിൽ ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ ഇൻവേഡ് അല്ലെങ്കിൽ രജിസ്റ്റേർഡ് വെഹിക്കിൾ ഡീറ്റെയിൽസ് സെലക്ട് ചെയ്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ നൽകുക.

ചുവടെ കാണുന്ന രീതിയിൽ വാഹന വിവരങ്ങൾ ലഭ്യമാകുകയും ഒപ്പം "Move to History" എന്ന ബട്ടൺ മറ്റേ ഓഫീസിന്റെ ഡീറ്റയിൽസിനു നേരെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ഈ ബട്ടൺ ക്ലിക്ക് ചെയ്ത് "Move to History" ചെയ്യുന്നതോടുകൂടി വാഹനം മറ്റ് ഓഫീസിൽ നിന്ന ഡിലീറ്റ് ആകുകയും ബട്ടൾ ക്ലിക്ക് ചെയ്ത ഓഫീസിൽ മാത്രമാകുകയും ചെയ്യുന്നു.




ഇതിൽ ഉൾപ്പെടാത്ത ഓഫീസിൽ നിന്നാണ് വാഹനവിവരങ്ങൾ എടുക്കുന്നതെങ്കിൽ, Move to History button കാണപ്പെടുന്നില്ല.